Web
release
ng
13/11

5185
14/11/08

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നുകര ഗ്രാമപഞ്ചായത്ത് - കുറുപ്പിന്റെ കുളത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 15 സെന്റ് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3973/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 12, 2008.

പരാമർശം: 1. കുന്നുകര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03-01-2008-ലെ 11 (20) -ാം നമ്പർ തീരുമാനം.

2. കുന്നുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 13-03-2008, 31-03-2008 എന്നി തീയതികളിലെ സി.2-381/08 നമ്പർ കത്തുകൾ.

4. എറണാകുളം ജില്ലാ കളക്ടറുടെ 23-09-2008-ലെ സി.3-21028/ 08 നമ്പർ കത്ത്.

### ഉത്തരവ്

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത് 1987-88-ലെ പ്രത്യേക ഘടക പദ്ധതി വിഹിതം ഉപയോഗിച്ച് കുറുപ്പിന്റെ കുളത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിച്ചെങ്കിലും ആയതിന്റെ പ്രവർത്തനത്തിന് വിഘാതമായി 50 മീറ്റർ പരിധിക്കുള്ളിൽ രണ്ട് വീടുകൾ സ്ഥിതിചെയ്യുന്ന സാഹചര്യത്തിൽ, മണവാളൻ വീട്ടിൽ തോമസ് മകൻ പത്രോസ് വക സർവ്വെ നമ്പർ 511/4-ൽപ്പെട്ട വീടുംപ്പെടെയുള്ള 10 സെന്റ് സ്ഥലവും അറയ്ക്കൽ മൊയ്തീൻ കുട്ടി മകൻ ഷംസുദ്ദീൻ വക സർവ്വെ നമ്പർ 492/6-ൽപ്പെട്ട വീടുംപ്പെടെയുള്ള 5 സെന്റ് സ്ഥലവും പൊന്നുംവിലയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിയ്ക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. മേൽ സ്ഥലം ശ്മശാനത്തിന് അനുയോജ്യമാണെന്നും പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ പൊതു ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി മേൽ പ്രസ്താവിച്ച 15 സെന്റ് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് താഴെ പറ

(മറുപുറം)

യുന്ന നിബന്ധനകളുടെയടിസ്ഥാനത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

(ii) അക്വിസിഷൻ സംബന്ധമായി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.കെ.രാജപ്പൻ,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, കുന്നുകര ഗ്രാമപഞ്ചായത്ത് , എറണാകുളം ജില്ല.
ജില്ലാ കളക്ടർ, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.